വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ യന്ത്രവൽകൃത കയർപിരി യൂണിറ്റുകളും ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി ആവിഷ്ക്കരിച്ചിട്ടുള്ള സംയോജിത കയർ വികസന പദ്ധതി പ്രകാരം 125 യന്ത്രവൽകൃത കയർപിരി യൂണിറ്റുകളും 58 ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. സെമി ആട്ടോമാറ്റിക് ലൂമുകൾ ഉൾപ്പെടെയുള്ള കയറുല്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും എൻ.സി.ഡി.സി. യുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നു.

(ബി) ചകിരി നിർമ്മാണം, കയർപിരി, കയറ്റുപായ നിർമ്മാണം എന്നിവ ഭാഗികമായി യന്ത്രവൽക്കരിച്ചിട്ടുണ്ട്.

(സി) ഇല്ല. സാധിക്കുകയില്ലായെന്നു കണ്ടതുകൊണ്ടാണ് ചകിരി നിർമ്മാണം കയർ നിർമ്മാണം എന്നീ മേഖലകൾ യന്ത്രവൽക്കരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നത്.

(ഡി) കയർ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടാത്ത വിധം കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും മിതമായ കൂലി ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ വ്യവസായത്തെ യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നത്.

(ഇ) ഈ വ്യവസായത്തിന്റെ നിലനില്പിനായി താഴെ സൂചിപ്പിച്ചിരിക്കുന്ന മേഖലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

1. കയർ സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കി കൂടുതൽ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിന് സഹായകരമായ പദ്ധതികൾ.

2. പ്രാഥമിക കയർ സഹകരണ സംഘങ്ങളുടേയും ചെറുകിട ഉല്പാദകരുടേയും കയർയാൺ/കയർ ഉല്പന്നങ്ങൾ എന്നിവയുടെ വിപണനം ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾ.

3. കയർ വ്യവസായം യന്ത്രവൽക്കരിക്കുന്നതിനും പുതിയയിനം കയറുല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് സഹായകരമായ ഗവേഷണങ്ങൾ നടത്തുന്നതിനും ധനസഹായം നൽകുന്ന പദ്ധതി.

4. വൈവിദ്ധ്യമാർന്ന കയറുല്പങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ.

17 (*273) ഖാദി മേഖലയുടെ നവീകരണം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഖാദി മേഖലയുടെ നവീകരണത്തിനായി 'മാർക്കറ്റിംഗ് ഫെഡ റേഷൻ' ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഖാദി മേഖലയിൽ യന്ത്രവൽക്കരണത്തിന് പരിപാടിയുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഖാദി തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഖാദി മേഖലയുടെ നവീകരണത്തിനായി 'മാർക്കറ്റിംഗ് ഫെഡ റേഷൻ' ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

(ബി) ഇതു സംബന്ധിച്ച നടപടികൾ ഖാദി ബോർഡ് പരിശോധിച്ചു വരുകയാണ്.

(സി) ഖാദി മേഖലയിൽ നൂൽനൂൽപ്പു രംഗത്ത് യന്ത്രവൽക്കരണം ഇല്ല. പ്രീ-പ്രോസ്സസിംഗിനു മാത്രം യന്ത്രവൽക്കരണം ഇപ്പോൾത്തന്നെ നിലവിലുണ്ട്. നെയ്ത്തുരംഗത്ത് യന്ത്രവൽക്കരണം ഏർപ്പെടുത്താൻ ഖാദി കമ്മിഷന്റെ ഇപ്പോഴത്തെ നിബന്ധനകൾ പ്രകാരം സാദ്ധ്യമല്ല.

(ഡി) ഖാദി ബോർഡ് ഖാദി തൊഴിലാളികൾക്കായി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് തയ്യാറാക്കിയ ഇൻഷ്വറൻസ് പദ്ധതി 1.6.99-ൽ നിലവിൽ വന്നു.

18 (*274) കുടികിടപ്പുകാരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. കണാരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ ദീർഘനാളായി കുടിൽകെട്ടി താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ കുടിൽകെട്ടി താമസിച്ചുവരുന്നവർക്ക് ഭൂമി നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവർക്കു ഭൂമി നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) സംസ്ഥാനത്ത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ കുടിൽകെട്ടി താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിനു കമ്പോള വില നൽകണം എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly